പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1222

7.06.2018-ൽ മറുപടിക്ക്

## കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതി

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 ൽ തന്നെ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) പ്രോജക്റ്റ് ഡയറക്ടറുടേയും, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി തലത്തിലും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി തലത്തിലും അവലോകനം ചെയ്ത് എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (ബി). രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട കളറോഡ് - വളവുപാറ, തലശ്ശേരി - കളറോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) <u>തലശ്ശേരി - കളറോഡ് റോഡ്</u><br>ഈ പദ്ധതി തലശ്ശേരി- വളവുപാറ റോഡിന്റെ മുൻകരാർ റദ്ദ് ചെയ്ത് രണ്ട് ചെറിയ പാക്കേജുകളായി പുനർ ദർഘാസ് ക്ഷണിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ പണികൾ 50 ശതമാനത്തോളം പുരോഗമിച്ചു. ഇതിൽപ്പെട്ട എരഞ്ഞോളി പാലം ദേശീയ ജലഗതാഗത പാതയായി പ്രഖ്യാപിക്കുവാൻ സാദ്ധ്യതയുള്ള പുഴയ്ക്ക് കുറുകെയായതുകൊണ്ട് ഉയരം കൂട്ടേണ്ടി വരുമെന്ന് അധികൃതർ അറിയിച്ചതനുസരിച്ച് ഉയർത്തുമ്പോൾ അപ്രോച്ച് റോഡുകൾക്കു വേണ്ടി അധിക സ്ഥലം ഏറ്റെടുക്കേണ്ടി വരും. ഇതിനുള്ള നടപടികൾ നടന്നു വരുന്നു.<br><u>കളറോഡ് - വളവുപാറ റോഡ്</u><br>ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതാണ്ട് 60 ശതമാനം പുരോഗമിച്ചു. |

ഇതിൽപ്പെട്ട ഇരിട്ടി പാലത്തിന്റെ അപ്രോച്ചറോഡിനായി അധിക സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ സംസ്ഥാന അതിർത്തിയിലുള്ള വളവുപാറ (കൂട്ടുപുഴ) പാലത്തിന്റെ പുഴയുടെ കറെ ഭാഗം കർണ്ണാടക സംസ്ഥാനത്തിലെ ഫോറസ്റ്റ് അധികൃതരുടെ അധീനതയിലായതുകൊണ്ട് അതു വിട്ടു കിട്ടുവാൻ സർവ്വെ നടത്തി പാലം പണിയാനായി കൈമാറ്റം ചെയ്യുവാൻ ആവശ്യമായ നടപടികൾ എടുത്തുവരുന്നു. 2018 അവസാനത്തോടെ പണി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പുനലൂർ - പൊൻകുന്നം റോഡ് പി.പി.പി.യിൽ നിന്നുമാറ്റി ഇ.പി.സി. മാതൃകയിൽ നിർമ്മിക്കുവാൻ തീരുമാനിച്ചതിന്റെ കാരണമെന്താണ്;

(സി) പൊതു സ്വകാര്യ മാതൃകയിലുള്ള പുനലൂർ - പൊൻകുന്നം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനെ സംബന്ധിച്ച് ലോക ബാങ്ക് ആശങ്ക അറിയിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ലോകബാങ്കിന്റെ അധികാരികളും സർക്കാരും നടത്തിയ ചർച്ചയിൽ പ്രസ്തുത പദ്ധതി പൊതു സ്വകാര്യ മാതൃകയിൽ നിന്നും എൻജിനീയറിംഗ് പൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി) മാതൃകയിലേയ്ക്ക് മാറ്റുവാൻ തീരുമാനിക്കുകയുണ്ടായി.

(ഡി) കെ.എസ്.റ്റി.പി. പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.റ്റി.പിയിൽ പദ്ധതിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പരീക്ഷണ ശാലകൾ കരാറുകാർ അതതു സ്ഥലത്തു ഒരുക്കണമെന്നാണ് വ്യവസ്ഥ. പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് അന്തർദേശീയ നിലവാരത്തിൽ പ്രാഗൽഭ്യം നേടിയിട്ടുള്ള സൂപ്പർ വിഷൻ കണ്ടസൽട്ടന്റിനെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇൻഡ്യൻ റോഡ് കോൺഗ്രസ്സും മറ്റും നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധന അവർ നടത്തും. കരാറുകാരുടെ ബില്ലുകൾ സമർപ്പിക്കുമ്പോൾ ഗുണനിലവാര പരിശോധന റിപ്പോർട്ടുകൂടി ഉൾക്കൊള്ളിക്കുന്നുണ്ട്.

ഇതുകൂടാതെ മത്സര ദർഘാസ് ക്ഷണിച്ച് ഒരു വിദഗ്ധനെ തിരഞ്ഞെടുത്ത് ഈ പണികളുടെ ഒരു ടെക്നിക്കൽ ഓഡിറ്റ് നടത്തി ഈ റിപ്പോർട്ടുകൾ പ്രോജക്ട് ഡയറക്ടറും ലോകബാങ്കും പരിശോധിയ്ക്കും. വീണ്ടും പണികൾ പൂർത്തീകരിച്ച് ഏറ്റെടുക്കുന്നതിനു മുൻപ് മറ്റൊരു വിദഗ്ധ കൺസൽട്ടന്റ് ടീമിനെക്കൊണ്ട് പരിശോധന നടത്താനുള്ള നടപടി ക്രമങ്ങളും നടത്തി വരുന്നു.

| | |
|---|---|
| (ഇ) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേരാറുണ്ടോ; എങ്കിൽ ഈ വർഷം എത്ര യോഗം ചേർന്നുവെന്ന് അറിയിക്കുമോ? | (ഇ) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിനായി ഈ വർഷം അവലോകനയോഗങ്ങൾ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിരുന്നു. |

S. Bindu
സെക്ഷൻ ഓഫീസർ